# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

"THAT THEY ALL MAY BE ONE" CHURCH OF SOUTH INDIA
SOUTH KERALA DIOCESE

## LMS UPS പെരിമ്പകോണം

L.M.S U.P.S
Perinpakonam

SURESH KUMAR K
PEN 591684
HEADMASTER
UPS PERIMBAKONAM

# താളുകൾ മറിയുമ്പോൾ


| | പേജ് |
|---|---|
| ❖ പ്രൊഫൈൽ | 1 |
| ❖ പിന്നിട്ട നാളുകൾ | 2 |
| ❖ ഇന്ന് | 3 |
| ❖ അധ്യാപകരും വിവരങ്ങളും | 4 |
| ❖ ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക | 5 |
| ❖ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ | 6 |
| ❖ ലക്ഷ്യങ്ങൾ | 7 |
| ❖ പ്രശ്നങ്ങൾ, വെല്ലുവിളികൾ | 9 |
| ❖ മികവിനായി തെരഞ്ഞെടുക്കേണ്ട പ്രവർത്തനങ്ങൾ | 12 |
| ❖ പദ്ധതി വിശദാംശങ്ങൾ | 14 |
| ❖ സംഗ്രഹം | 50 |
| ❖ പ്രതീക്ഷിത നേട്ടങ്ങൾ | 51 |
| ❖ വിദ്യാലയത്തിന്റെ രൂപരേഖ | 52 |
| ❖ നന്ദി | |

## PROFILE

| | | |
|---|---|---|
| Name of School | : | LMS UPS Perimbakonam |
| Year of Establishment | : | 1875 |
| Name of Village | : | Anavoor |
| Name of Cluster | : | Manchavilakam |
| Name of Panchayath | : | Kunnathukal |
| Name of Block | : | Perumkadavila |
| Name of BRC | : | Parassala |
| Name of District | : | Thiruvanathapuram |
| Name of Sub-District | : | Neyyattinkara |
| Name of HM | : | Sri. Suresh Kumar V. |
| Mobile Phone Number of HM | : | 9446704826 |
| Senior Assistant | : | Sindhu.S.L |
| Phone Number of Senior Assistant | : | 9207220021 |
| Email | : | perinbakonam@ gmail.com |
| School code | : | 44557 |
| Name of Taluk | : | Neyyattinkara |
| Manager | : | Rt. Rev. Timothy Ravinder |

# എൽ.എം.എസ്. യു.പി.എസ്
# പേരിമ്പക്കോണം

## പിന്നിട്ട നാളുകൾ

കേരളീയ നവോത്ഥാന കാലഘട്ടത്തിന്റെ ഉത്തമ സന്താനങ്ങളിൽ ഉന്നത സ്ഥാനത്തു വിരാജിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് 151 വയസ്സ് പൂർത്തിയാക്കിയ എൽ. എം. എസ്. യു. പി. എസ്. പേരിമ്പക്കോണം. പൊതു സാംസ്കാരിക സ്ഥാപനം എന്ന നിലയിൽ ഈ വിദ്യാലയത്തിന്റെ ചരിത്രം ഈ നാടിന്റെ സാംസ്കാരിക മണ്ഡലത്തിന്റെ പുരാവൃത്തം കൂടിയാണ്. പിന്നോക്ക സമുദായത്തിന് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ അവരുടെ പുരോഗതി ലക്ഷ്യമാക്കി സ്ഥാപിച്ചതാണ് ഈ വിദ്യാലയം.

1875 ൽ ശ്രീ. സ്റ്റീഫൻ ഇവാഞ്ചലിസ്റ്റിന്റെ നേതൃത്വത്തിൽ പേരിമ്പക്കോണം സി. എസ്. ഐ സഭയോട് ചേർത്ത് ഈ സ്കൂൾ രൂപീകൃതമായി. പാശ്ചാത്യ മിഷണറിമാരുടെ സഹായവും സഹകരണവും ഇതിന്റെ തുടക്കത്തിനു മുതൽക്കൂട്ടായി. പാർശ്വ വൽക്കരിക്കപ്പെട്ടിരുന്ന ഒരു ജനതയുടെ പുരോഗമനവും അക്ഷരജ്ഞാനവും ലഭ്യമാക്കുക എന്നതായിരുന്നു മിഷനറിമാരുടെ ലക്ഷ്യം.

ശ്രീ. ആരതൻ പിള്ളയായിരുന്നു ആദ്യ പ്രഥമാധ്യാപകൻ. തുടക്കത്തിൽ 1 മുതൽ 4 വരെ ക്ലാസുകൾ ആണ് ഉണ്ടായിരുന്നത്. 04/06/1984 ൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ Nursery മുതൽ 7 വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു. ശ്രീ. ജേക്കബ് ഇവാഞ്ചലിസ്റ്റിന്റെ നേതൃത്വത്തിൽ 1980 ൽ ഇന്ന് കാണുന്ന കെട്ടിടങ്ങൾ നിർമ്മിതമായി.

ഇപ്പോഴത്തെ പ്രഥമാധ്യാപകൻ സുരേഷ് കുമാർ വി. ആണ്. ഇവിടെ pre primary മുതൽ VII വരെ ക്ലാസ്സുകളിലായി 16 ടീച്ചേഴ്സും ഒരു ആയയും ഒരു പാചക തൊഴിലാളിയും ഒരു ഓഫീസ് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു.

# ഇന്ന്...

പാറശ്ശാല വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന എയിഡഡ് സ്കൂളുകളിൽ ഒന്നായി എൽ. എം. എസ്. യു. പി. എസ്. പേരിമ്പക്കോണം മാറിയിട്ടുണ്ട്.

1 മുതൽ 7 വരെ ക്ലാസ്സുകളിലായി 207 കുട്ടികളും പ്രീ . പ്രൈമറി വിഭാഗത്തിൽ 55 കുട്ടികളും ഇവിടെ പഠിക്കുന്നു. ഈ വിദ്യാലയത്തെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിയതിനു പിന്നിൽ നിരവധി അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും ചിന്തയും വിയർപ്പുമുണ്ട്. ഒപ്പം ജന പ്രതിനിധികളുടെയും. ഈ സ്കൂളിൽ എൽ. പി, യു. പി സെക്ഷനിൽ 13 ടീച്ചേഴ്സും ഒരു ഓഫിസ് അസിസ്റ്റന്റും 3 പ്രീ പ്രൈമറി ജീവനക്കാരും ഒരു പാചക തൊഴിലാളിയും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ഈ സ്കൂളിലെ പ്രഥമ അധ്യാപികനായി ചുമതല വഹിക്കുന്നത് ശ്രീ.സുരേഷ് കുമാർ വി. ആണ്.ശ്രീ.ജിനിൽ കുമാർ പി. റ്റി. എ പ്രസിഡന്റായും പ്രവർത്തിക്കുന്നു. പി. റ്റി. എ യുടെയും മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ സ്കൂൾ വിജയത്തിലേക്കുള്ള ജൈത്രയാത്ര തുടരുന്നു. മലയാള മനോരമ നല്ലപാഠം പ്രവർത്തനങ്ങൾക്ക് എ+ ഗ്രേഡ് ലഭിച്ചു.

# അധ്യാപകരും വിവരങ്ങളും

| | NAME OF TEACHER | SUBJECT COUNCIL | CLUB CHARGE |
|---|---|---|---|
| 1 | Sri. Suresh Kumar V (HM) | | |
| 2 | Smt. Sindhu.S.L | Social Science | Social Science |
| 3 | Smt. Shijila.D.S | Malayalam | Gandhi dersan |
| 4 | Sri. Ani Antony | Sanskrit | Sanskrit |
| 5 | Sri.Shibu T | Mathematics | Mathematics |
| 6 | Smt. Anisha.V.K | English | English |
| 7 | Dr.Thara S.D. | Malyalam | Vidyarengam |
| 8 | Smt. Remya.J.S | English | English |
| 9 | Sri. Bosc.M.S | Mathematics | Eco Club |
| 10 | Miss. Hridhi.H.J | Hindi | Hindi |
| 11 | Sri. Abhijith B.S. | Science | Health Club |
| 12 | Smt. Malu | Science | Science |
| 13 | Miss. Anunanda | Malayalam | Malayalam |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| CLASS | VI | HI | MR | LD | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|---|
| STD-2 | | | 1 | | | | | 1 |
| STD-3 | 3 | | | | | | | 3 |
| STD-4 | 1 | | | | | | | 1 |
| STD-5 | 1 | | 2 | | | | | 3 |
| STD-6 | 4 | 3 | | | | 1 | 1 | 9 |
| STD-7 | 3 | | | | | | | 3 |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ.....

| | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്സ് മുറി | 16 | |
| 2 | ടോയ്‌ലറ്റ് (Boys) | 5 | |
| 3 | ടോയ്‌ലറ്റ് (Girls) | 11 | |
| 4 | കിണർ | 1 (Borewell) | |
| 5 | ലൈബ്രറി | 1 | |
| 6 | ചുറ്റുമതിൽ | ഭാഗികം | |
| 7 | കളിസ്ഥലം | ഇല്ല | |
| 8 | ക്ലാസ്സ് മുറി (റാംബ്) | 5 | |
| 9 | അടുക്കള | 1 | |
| 10 | കമ്പ്യൂട്ടർ ലാബ് | 1 | |
| 11 | റീഡിങ് റൂം | 1 | |
| 12 | സ്കൂൾ ബസ് | ഇല്ല | 1 |
| 13 | കമ്പ്യൂട്ടർ | 1 | 1 |
| 14 | ലാപ്‌ടോപ്പ് | 8 | 12 |
| 15 | സ്റ്റേജ് | 1 | |
| 16 | സൗണ്ട് സിസ്റ്റം | 1 | 2 |
| 17 | പ്രൊജക്ടർ | 2 | 12 |
| 18 | വൈറ്റ്ബോർഡ് | 7 | 9 |
| 19 | സ്മാർട്ട് ടി വി | ഇല്ല | 2 |

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലുംഓരോവിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോകുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾസൃഷ്ടിക്കുകയുംചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോവിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക്വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമികതയ്യാറെടുപ്പുകളുംഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലുംഐസിടിസാധ്യതഉറപ്പുവരുത്തുക.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെകണ്ടെത്തിഅവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളുംആവിഷ്കരിക്കുക.
- വിദ്യാലയംതന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക്വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷംമാറ്റിയെടുക്കുക.
- മുഴുവൻകുട്ടികൾക്കുംശാസ്ത്രപഠനത്തിലെഎല്ലാനൈപുണികളും സ്വായത്തമാക്കാൻ ഉതകുംവിധം ലാബുകൾസജ്ജമാക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾതുടങ്ങിയവൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

- പുതിയതലമുറയിൽകൃഷിയോടുള്ളതാൽപര്യംവളർത്തിയെടുക്കുക.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന്കുട്ടികളെഅകറ്റുക , അതിന്റെദൂഷ്യഫലങ്ങളെക്കുറിച്ച്അവരെബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്തവിദ്യാലയം എന്ന ലക്ഷ്യംസാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവസംരക്ഷിക്കുക, കൂടുതൽമെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിമുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ്സൗകര്യങ്ങൾഒരുക്കുക.
- സമൂഹവുമായിവിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർ ത്തനങ്ങളിൽഏർപ്പെടുക.
- പ്രാദേശികമായിലഭ്യമായറിസോഴ്സുകളെ/വിഭവങ്ങളെ പഠനപ്രവർ ത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽവായനയെ പരിപോഷിപ്പിക്കുന്നതിനായിലൈബ്രറിശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായവിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണംകൂടുതൽവൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെകായികക്ഷമതഉറപ്പുവരുത്തുന്നതിനാവശ്യമായരീതിയിൽകായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ്ലാബ് എന്ന ആശയം നടപ്പിലാക്കുക.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

**അക്കാദമികം**

1) മുഴുവൻകുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2) റിസോഴ്സ് അധ്യാപകരുടെകുറവ്.

3) ഭിന്ന നിലവാരക്കാരെ പരിഗണിച്ച്കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.

4) 10 ശതമാനം കുട്ടികൾക്ക്അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.

5) ശരിയായകായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

6) ഓരോകുട്ടിയുടെയുംകഴിവുകൾകണ്ടെത്തിപ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.

7) ചിലകുട്ടികൾക്ക്മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതംഎന്നീവിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.

8) പ്രാദേശികവിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

9) പഠനപ്രക്രിയ പൂർണമായുംവൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.

10) ക്ലാസ്ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.

11) കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻസ് /കൌൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.

12) പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.

13) വ്യത്യസ്തമേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെഅഭാവം.

14) കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല..

ഭൗതികം

1. റിസോഴ്സ്റൂമുകളുടെഅഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന.
3. ക്ലാസ്ലൈബ്രറിക്ക്വിപുലമായസൗകര്യമില്ല.
4. ടോയ്ലെറ്റുകൾവൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
5. പ്രഭാത ഭക്ഷണംകഴിക്കാതെകുട്ടികൾസ്കൂളിലെത്തുന്നു.
6. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെസേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല
7. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സാമൂഹികം

1. ഭിന്നശേഷിക്കാരായകുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ , സാമൂഹ്യ പ്രവർത്തകർഎന്നിവർക്ക്ആവശ്യമായഅവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെമികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെകുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെഅക്കാദമികവും ഭൗതികവുമായആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്ങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തംഉറപ്പാക്കുന്നില്ല.
4. പൂർവ്വവിദ്യാർത്ഥിസംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്. എം. സി , എസ്. എം .ഡി .സി, പി.ടി.എഎന്നിവയുടെ സാധ്യതകൾവേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശികവിഭവപടംതയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
7. കലാകായിക പ്രവൃത്തിപരിചയസാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താനും കഴിയുന്നില്ല.

തനത് പ്രവർത്തനം -

## 'വിട ചൊല്ലാം ലഹരിയോട്'

സമൂഹത്തിന്റെ എല്ലാ മേഖലകളെയും നശിപ്പിക്കുന്ന വിപത്തായി ലഹരി ഉപയോഗം മാറി ക്കഴിഞ്ഞു. നമ്മുടെ സ്കൂളിലെ കുട്ടികളെ ലഹരി ഉപയോഗത്തിൽ നിന്നും മാറ്റിനിർത്തേ ണ്ടതിന്റെ ആവശ്യകത മുന്നിൽ കണ്ടുകൊണ്ട് ഈ വർഷത്തെ സ്കൂളിന്റെ തനത് പ്രവർ ത്തനമായി 'വിട ചൊല്ലാം ലഹരിയോട് ' എന്ന ആപ്തവാക്യത്തോടുകൂടി ലഹരി വിരുദ്ധ പ്രവ ർത്തനങ്ങളെ തെരഞ്ഞെടുത്തു. ഇതിനായി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സാമൂഹിക പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും ഒത്തൊ രുമിച്ചുള്ള ക്രിയാത്മക ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്.

വിദ്യാലയത്തിൽ ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുകയും സ്കൂൾ തല പ്രവർത്തനങ്ങളുടെ മേൽനോട്ടം ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയും ചെയ്യുന്നു. വിദ്യാല യത്തിനുള്ളിലും പരിസരത്തും ലഹരി ഉപയോഗത്തിന്റെ ചെറുത്തുനിൽപ്പിനെ പ്രോത്സാഹി പ്പിക്കുന്ന തരത്തിലുള്ള സൂചന ബോർഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ലഹരി ഉപയോഗത്തോട് വിടചൊല്ലുന്നതിനും ജീവിതം തന്നെ ലഹരിയാക്കി മാറ്റുന്നതിനും കുട്ടികളെ മാനസികമായി കരുത്തരാക്കുന്നതിന് യോഗയ്ക്ക് പ്രാധാന്യമുണ്ട്. ലഹരിയെ ചെറുത്തുനിൽക്കുന്നതിന് കുട്ടിക്കാലത്തുതന്നെ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുന്നതിന് നമ്മുടെ സ്കൂളിൽ എല്ലാ ദിവസവും വൈകുന്നേരം യോഗ ക്ലാസ് ക്രമീകരിക്കുന്നു.

കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ഫ്ളാഷ് മോ ബിന്റെ അവതരണം നടത്തുന്നതിനും 'ലഹരിയോട് വിടപറയാം' എന്ന വിഷയത്തെ അധിക രിച്ച് പോസ്റ്റർ നിർമ്മാണ മത്സരം സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകെ നടത്തുന്നതിനും പ്രാധാന്യം നൽകുന്നു. വായന, കൃഷി എന്നീ മേഖലകളിൽ കുഞ്ഞുങ്ങളു ടെ ക്രിയാത്മക ബൗദ്ധിക തലങ്ങളെ തിരിച്ചുവിടുന്നതിനായി സ്കൂൾ ലൈബ്രറികളുടെയം ക്ലാസ് ലൈബ്രറികളുടെയും ഉപയോഗം ഫലപ്രദമാക്കുക, പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽ പച്ചക്കറിത്തോട്ട നിർമ്മാണം നടത്തുക, തുടങ്ങിയ പ്രവർത്തനങ്ങൾ ക്രമീകരിക്കു ന്നു. ഇത്തരത്തിൽ 'വിടചൊല്ലാം ലഹരിയോട്' എന്ന ഈ വർഷത്തെ തനത് പ്രവർത്തം പുതു തലമുറയുടെ സമഗ്രമായ ഉന്നമനം ലക്ഷ്യം വയ്ക്കുന്നു.

# മികവിനായി തെരഞ്ഞെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ♦ ഭാഷാശേഷി വികസനം<br>♦ ഗണിത ശേഷി വികസനം<br>♦ ഇംഗ്ലീഷ് പഠന പരിപോഷണം<br>♦ ശാസ്ത്ര പോഷണ പരിപാടി<br>♦ വായന പരിപോഷണം<br>♦ ലൈബ്രറി ശാക്തീകരണം<br>♦ ലബോറട്ടറി ആധുനിക വത്കരിക്കൽ<br>♦ പ്രതിഭ പോഷണ പരിപാടി<br>♦ ജൈവ വൈവിധ്യ പാർക്ക്<br>♦ സാഹിത്യ പോഷണ പരിപാടികൾ<br>♦ പഠന യാത്രകൾ<br>♦ കലാ കായിക മേള<br>♦ ശാസ്ത്രാഭിരുചി വളർത്തൽ<br>♦ പച്ചക്കറിത്തോട്ടം<br>♦ ദിനാചരണം<br>♦ രചന ശില്പശാല<br>♦ പ്രത്യേക പ്രതിഭാകേന്ദ്രം<br>♦ അഭിമുഖങ്ങൾ<br>♦ പോഷകാഹാര പരിപാടി | ♦ ക്ലാസ് മുറികൾ<br>♦ കളിസ്ഥലം<br>♦ സ്റ്റാഫ് മുറി<br>♦ ലൈബ്രറി<br>♦ കമ്പ്യൂട്ടർ റൂം<br>♦ അടുക്കള<br>♦ മാലിന്യ സംസ്ക്കരണം<br>♦ ടോയ്‌ലറ്റ്<br>♦ ലബോറട്ടറി<br>♦ ജന്മദിനപുസ്തകം<br>♦ ചിത്രരചന<br>♦ വീട്ടിലൊരു കൃഷിത്തോട്ടം<br>♦ ഭാഷാ ഉത്സവം<br>♦ ഗണിതോത്സവം<br>♦ മേളകൾ<br>♦ സ്കൂൾ വാർഷികം<br>♦ ശില്പശാലകൾ | ♦ പി.ടി.എ ശക്തിപ്പെടുത്തൽ<br>♦ എസ്.എം.സി. കാര്യക്ഷമമാക്കൽ<br>♦ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം.<br>♦ എസ്.എസ്.ജി<br>♦ പ്രാദേശിക ഭരണകൂടവുമായുള്ള ബന്ധം.<br>♦ ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പൂർവ്വാധ്യാപകർ സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം.<br>♦ ക്ലാസ് പി.ടി.എ മാതൃകാപരമാക്കാനുള്ള പ്രവർത്തനങ്ങൾ<br>♦ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.<br>♦ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ. |

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ♦ ഗണിത ലാബ്, ഗണിതാന്തരീക്ഷം ഒരുക്കൽ.<br>♦ ഭാഷാ ക്ലബ്ബ്<br>♦ ഭടം മൂല്യനിർണ്ണയം, നിരന്തരവിലയിരുത്തൽ.<br>♦ ദിനാചരണം<br>♦ കായിക പഠനം<br>♦ ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>♦ റേഡിയോ സ്റ്റേഷൻ<br>♦ അക്ഷരക്കിലുക്കം<br>♦ ചെപ്പ്<br>♦ ജന്മദിന പുസ്തകം<br>♦ ബുള്ളറ്റിൻ ബോർഡ്<br>♦ ശാസ്ത്ര നാടകം<br>♦ ബ്ലോഗ് നിറയ്ക്കൽ<br>♦ എഴുത്ത്പെട്ടി<br>♦ പാവനാടക ശില്പശാല<br>♦ ഗ്രാമർ സ്കൂൾ<br>♦ പദപ്രശ്ന നിർമ്മാണം<br>♦ ശാസ്ത്ര മാജിക്<br>♦ മോക്ക് പാർലമെന്റ്<br>♦ രാഷ്ട്രഭാഷ - ശ്രേഷ്ഠഭാഷ | ♦ കൈത്തൊഴിൽ പരിശീലനം<br>♦ കുട്ടികളുടെ ഷോപ്പ്<br>♦ ഗണിത പാർക്ക്<br>♦ ഒറിഗാമി നിർമ്മാണം<br>♦ കായിക പരിശീലനം<br>♦ സ്കൂൾ കലണ്ടർ | ♦ പ്രാദേശിക പി.ടി.എ<br>♦ ഭവന സന്ദർശനം<br>♦ പൊതിച്ചോർ<br>♦ പ്രാദേശിക പ്രതിഭാകേന്ദ്രം<br>♦ മൺമറഞ്ഞ ആഹാരം<br>♦ ഫാസ്റ്റ് ഫുഡ്- ഫാസ്റ്റ് ടു ഡെത്ത്<br>♦ മെഡിക്കൽ ക്യാമ്പ്<br>♦ ഇ-സാക്ഷരത<br>♦ മത്സര പരീക്ഷാ പരിശീലനം<br>♦ കാരണവക്കൂട്ടം |

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം -1

പേര് : അക്ഷരവസന്തം

മേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മുന്നറിയിപ്പ് പരിശോധനയിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | അക്ഷരക്കാർഡ് പ്രദർശിപ്പിച്ച് പറയാനും എഴുതാനും അവസരം<br>പദക്കാർഡുകളിൽ നിന്നും നിർദ്ദിഷ്ട പദം കണ്ടെത്തുന്നു.<br>വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നതിന് അവസരം | ജൂൺ ആഗസ്റ്റ്<br>- | 1-2 | അധ്യാപകർ | ടീച്ചിംഗ് ഗ്രാന്റ് |

പ്രവർത്തനം -2

പേര് : വായനത്തിളക്കം

മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കുക | പത്രപാരായണം<br>ആസ്വാദനക്കുറിപ്പ് തയ്യാറക്കൽ<br>ബാല പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടൽ.<br>കുട്ടികൾ ക്ലാസിൽ വായിച്ചവതരിപ്പിക്കൽ | ആഗസ്റ്റ് മാർച്ച് | 2-7 | അധ്യാപകർ ഗ്രൂപ്പ് ലീഡർ | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -3

പേര് : കവിതാസദസ്

മേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം, കവിത/കഥ എന്നിവ അവതരിപ്പിക്കൽ | കുട്ടികൾ രചിച്ചതും വായിച്ചതുമായ കവിതകൾ മാസത്തിലെ ആദ്യ ബുധൻ ഉച്ചയ്ക്ക് 1 pm-ന് സ്കൂൾ ആഡിറ്റോറിയത്തിൽ അവതരിപ്പിക്കുന്നു. | ജൂലൈ ഫെബ്രുവരി | I-VIII | ഭാഷാക്ലബ്ബ് വിദ്യാരംഭം | |

പ്രവർത്തനം -4

പേര് : പുസ്തകത്തൊട്ടിൽ

മേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | പുതിയതും പഴയതുമായ പുസ്തകങ്ങൾ സ്കൂൾ അങ്കണത്തിലെ പുസ്തകത്തൊട്ടിലിൽ നിക്ഷേപിക്കുന്നു. മാസത്തിലൊരിക്കൽ തരം തിരിച്ച് ക്ലാസ് ലൈബ്രറികളിൽ വായനയ്ക്ക് നൽകുന്നു. | 1 മാസം | I-VIII | ക്ലാസ് ലീഡർമാർ | |

പ്രവർത്തനം -5

പേര് : പദപ്പൊലിമ

മേഖല : ഭാഷയുടെ പ്രകടന പരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | ക്ലാസടിസ്ഥാനത്തിൽ കുട്ടികൾ 5 പദങ്ങൾ ശേഖരിക്കുന്നു. പരിചയപ്പെടുന്നു. അവയുടെ അർത്ഥം കണ്ടെത്തി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | 1 ആഴ്ച | I-IV | ക്ലാസ് ലീഡർ | |

പ്രവർത്തനം -6

പേര് : അക്ഷരപ്പെട്ടി

മേഖല : മാതൃഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1-2 ക്ലാസിൽ കുട്ടികൾക്ക് അക്ഷരചിഹ്നം ഉറപ്പിക്കുക | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ എഴുതിയ കാർഡുകൾ അക്ഷരപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. ആ കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ/വാക്യങ്ങൾ നിർമ്മിക്കുന്നു. | 2 മാസം | I-II | അദ്ധ്യാപകർ | |

പ്രവർത്തനം -7

പേര് : **ഭാഷാനിഘണ്ടു**

മേഖല : **ഭാഷാവികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പുതിയ പദങ്ങളും അവയുടെ അർത്ഥങ്ങളും വിപരീത പദങ്ങളും ശേഖരിച്ച് അക്ഷരമാലക്രമത്തിൽ നിഘണ്ടു തയ്യാറാക്കുന്നു. | 1 ടേം | III- VII | ഭാഷാ അധ്യാപകർ | |

പ്രവർത്തനം -8

പേര് : **സർഗതെളിമ**

മേഖല : **മാതൃഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന് | പ്രാദേശിക സാഹിത്യകാരന്മാരുമായി സംവാദം, അഭിമുഖം പരിശീലന ക്യാമ്പുകൾ | 1 ദിവസം വീതം | III- VII | ഭാഷാ ക്ലബ് വിദ്യാരംഗം | പി.ടി.എ |

പ്രവർത്തനം -9

പേര് : **കളിക്കാം പഠിക്കാം ഡിജിറ്റലിലൂടെ**

മേഖല : **നല്ല മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| നല്ല മലയാളം മനസ്സിലാക്കുന്നതിന് | ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള ഭാഷാപഠനം.<br>മാതൃകാ പ്രഭാഷണങ്ങൾ, കവിതാസ്വാദനം, മാതൃക വായന കഥാകഥനം ഇവ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ കേൾക്കുന്നു, പരിശീലിക്കുന്നു. | ജൂൺ മാർച്ച് | I- VII | അധ്യാപകർ കമ്പ്യൂട്ടർ ടീച്ചർ | ടീച്ചേഴ്സ് ഗ്രാന്റ് പി.ടി.എ |

പ്രവർത്തനം -10

പേര് : **സ്കൂൾ മാഗസിൻ**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സർഗ്ഗാത്മകത രചനകളിൽ പങ്കാളിയാക്കുന്നതിന് | ക്ലാസ് തല പ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച മികച്ച സൃഷ്ടികൾ ചേർത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. (ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും) | 3 മാസം (ക്ലാസ്തലം ജൂൺ ഫെബ്രുവരി സ്കൂൾതലം | I- VII | അധ്യാപകർ ഭാഷാക്ലബ് വിദ്യാരംഗം | |

**പ്രവർത്തനം -11**

പേര് : **ഇൻലന്റ് മാഗസിൻ**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സർഗ്ഗാത്മകത പ്രവർത്തനങ്ങളിൽ പങ്കാളിത്തം | കുട്ടികളുടെ മികച്ച കലാസൃഷ്ടികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഇൻലന്റ് മാഗസിൻ തയ്യാറാക്കൽ | സെപ്റ്റംബർ ഡിസംബർ 3 മാസം | IV- VII | അധ്യാപകർ | |

**പ്രവർത്തനം -12**

പേര് : **ബ്ലോഗ് നിറയ്ക്കൽ യജ്ഞം**

മേഖല : **ഭാഷാ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | V- VII | വിദ്യാരംഗം | |

പ്രവർത്തനം -13

പേര് : **എഴുത്ത്പെട്ടി**

മേഖല : **സർഗ്ഗവാസന പരിപോഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് | സ്കൂളിൽ സ്ഥാപിച്ചിരിക്കുന്ന പെട്ടിയിൽ കുട്ടികളുടെ രചനകൾ നിക്ഷേപിക്കുന്നു. മികച്ചവയ്ക്ക് സമ്മാനം നൽകുന്നു. | പ്രതിമാസ പരിപാടി | I - VII | വിദ്യാരംഗം | താലൂക്ക് ലൈബ്രറി കൗൺസിൽ/ പാലിയോട് കലാഗ്രന്ഥശാല |

പ്രവർത്തനം -14

പേര് : **പ്രാദേശിക പ്രതിഭാ കേന്ദ്രം**

മേഖല : **മികച്ച പ്രതിഭകളെ വാർത്തെടുക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മികച്ച പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും കണ്ടെത്താനും | പാലിയോട് കലാഗ്രന്ഥശാലയിൽ അവധി ദിവസങ്ങളിൽ വിവിധ വിഷയങ്ങളിൽ ക്ലാസ്. | ആഴ്ചയിൽ ഒന്ന് അവധി ദിവസങ്ങളിൽ 13 | V- VII | ലൈബ്രേറിയൻ | |

പ്രവർത്തനം -15

പേര് : പാവനാടക പരിശീലന ശില്പശാല

മേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കലാവാസനകളെ വികസിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളാക്കി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും. | വർഷത്തിൽ ഒരു പ്രാവശ്യം | V - VII | എസ്ആർജി കൺവീനർ | പി.ടി.എ എസ്.എസ്.എ |

പ്രവർത്തനം -16

പേര് : അസംബ്ലി

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസുകൾക്കും ഇടവിക്ക് ചുമതല നൽകൽ. | ആഴ്ചയിൽ ഒരു ദിവസം | IV | ക്ലാസ് ടീച്ചർ | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -17

പേര് : **പ്രസംഗം**

മേഖല : **ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഭാഷയിലെ വിവിധ ശേഷികളിൽ മികവ് നേടുക | കുട്ടികളുടെ അനുഭവങ്ങൾ, കഥകൾ, വാർത്തകൾ, പഠനയാത്രകൾ തുടങ്ങിയവ ചുരുക്കമായി ഇംഗ്ലീഷ് ഭാഷയിൽ പങ്കുവയ്ക്കൽ. | പ്രതി മാസം | III-IV | ഭാഷാക്ലബ് അധ്യാപകർ | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -18

പേര് : **ഭാഷാലാബ്**

മേഖല : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലിഷ് പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>സി.ഡികൾ ദൃശ്യശ്രവ്യ മാധ്യമങ്ങൾ എന്നിവ പ്രയോജനപ്പെടുത്തൽ. | പ്രതി ദിനം | I-VII | ഭാഷാക്ലബ് | |

പ്രവർത്തനം -19

പേര് : വാക്യനിർമ്മാണം

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ചിത്രകഥ, കവിതാരചന, വരികൾ കൂട്ടിചേർക്കൽ, ശരിയായ വാക്യം കണ്ടെത്തൽ കഥാപൂരണം | പ്രതിമാസ പരിപാടി | I-VII | അധ്യാപകർ | |

പ്രവർത്തനം -20

പേര് : ഇംഗ്ലീഷ് ഡയറി

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ 5ദിവസം | IV-VII | ഇംഗ്ലീഷ് അധ്യാപകർ | |

പ്രവർത്തനം -21

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് പറയാനും എഴുതാനും പ്രാപ്തരാക്കുക | സ്കൂളിൽ 2 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യുന്നു. കഥ/കവിത/സ്കിറ്റ്/അഭിമുഖം/പ്രസംഗം | 2 ദിവസം<br>– | I-VII | എച്ച്.എം<br>പി.ടി.എ<br>അധ്യാപകർ | പി.ടി.എ<br>ബി.ആർ.സി |

പ്രവർത്തനം -22

പേര് : ഇംഗ്ലീഷ് കോർണർ

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | I-VII | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം -23

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത്

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവിണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തന വിശേഷങ്ങൾ, വിനോദയാത്ര ആഘോഷങ്ങൾ സുഹൃത്തിനോട് കത്തിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ 1 വീതം | IV-VII | ക്ലാസ് ടീച്ചർ | |

പ്രവർത്തനം -24

പേര് : ഗ്രാമർ സ്കൂൾ

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതി വർഷം 10 ക്ലാസുകൾ | III-VII | ഇംഗ്ലീഷ് ക്ലാസ് കൺവീനർ | പൂർവ്വ വിദ്യാർത്ഥി സംഘടനം |

**പ്രവർത്തനം -25**

പേര് : പദ പ്രശ്ന നിർമ്മാണം

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. നറുക്കെടുപ്പിലൂടെ വിജയിയെ തിരഞ്ഞെടുക്കുന്നു. | പ്രതിമാസ പരിപാടി | V-VII | ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ |

**പ്രവർത്തനം -26**

പേര് : ഗണിതം മധുരം

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിത ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | ജ്യാമട്രിക്കൽ ചാർട്ട്, ഗണിത പദപ്രശ്നം, ഗണിത ക്വിസ് നിർമ്മാണ പ്രവർത്തനങ്ങൾ | 4 മാസം | III-VII | അധ്യാപകർ | പി.ടി.എ |

പ്രവർത്തനം -27

പേര് : Smart Maths

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിത പഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് നേടുക | കമ്പ്യൂട്ടർ, കളിപ്പെട്ടി (ജി-കോം പ്രിക്സ്) എന്നിവയുടെ സഹായത്തോടെ ഗണിത പ്രവർത്തനങ്ങൾ നടത്തുന്നു.<br>സമയം കണ്ടെത്താം<br>ഭാരം അളക്കാം<br>നീളം കണ്ടെത്താം<br>ചതുഷ്ക്രിയകൾ ചെയ്യാം<br>രൂപങ്ങൾ തിരിച്ചറിയുന്നു.<br>ദിനസംഖ്യകൾ തിരിച്ചറിയുന്നു. | ജൂൺ മാർച്ച് | III-VII | ഗണിത അധ്യാപകർ ക്ലാസ് ടീച്ചർ | പി.ടി.എ വിദ്യാഭ്യാസ ഏജൻസികൾ പ്രാദേശിക ഭരണകൂടം |

പ്രവർത്തനം -28

പേര് : Honesty Shop

മേഖല : ഗണിത ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | Honesty Shop<br>കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിൽക്കുന്ന കട കുട്ടികൾ തന്നെയാണ് അതിന്റെ നടത്തിപ്പും ഓരോ ആഴ്ചയും അതിന്റെ കണക്കുകൾ പരിശോധിക്കുന്നു. (മുടക്ക് മുതൽ, വിറ്റുവരവ്, ലാഭം) | ജൂൺ മാർച്ച് | I-VII | ഗണിത അധ്യാപകർ ക്ലാസ് ടീച്ചർ | പി.ടി.എ ബി.ആർ.സി |

പ്രവർത്തനം -29

പേര് : **കണക്കിന് ഒരു കൈത്താങ്ങ്**

മേഖല : **ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| സി.ഡബ്ല്യു.എസ്.എൻ കുട്ടികളെ മുഖ്യധാരയിലെത്തിക്കുക. ഗണിത പഠനത്തിലെ പരിമിതികൾ മറികടക്കാൻ പിന്തുണ നൽകുക. | ജ്യാമിതീയ രൂപ നിർമ്മാണം.<br>തരംതിരിക്കൽ (വലുത്-ചെറുത്, കൂടുതൽ-കുറവ്) നിറം നൽകാം തരംതിരിക്കാം. (സാമ്യമുള്ള രൂപങ്ങൾക്ക് ഒരേ നിറം നൽകൽ)<br>ആരോഹണ/അവരോഹണ ക്രമത്തിൽ വസ്തുക്കളെ തരംതിരിക്കൽ<br>Tangram, Building Block | ജൂൺ മാർച്ച് | I-VII | ഗണിത അധ്യാപകർ റിസോഴ്സ് ടീച്ചർ | പി.ടി.എ ബി.ആർ.സി |

പ്രവർത്തനം -30

പേര് : **ഹാപ്പി ബെർത്ത്ഡേ**

മേഖല : **ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുന്നതിന് ഗണിത പഠനം പ്രയോജനപ്പെടുത്തുക | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവരുടെ പിറന്നാളിന് ആശംസകൾ നേരുന്നു. ജന്മദിന പുസ്തകത്തിൽ ഓരോ മാസവും പിറന്നാൾ ആഘോഷിക്കുന്ന കുട്ടികളുടെ പേരും ക്ലാസും തിയതിയും എഴുതുന്നു. നോട്ടീസ് ബോർഡിൽ പിറന്നാൾ ആശംസകൾ പ്രദർശിപ്പിക്കുന്നു. | പ്രതി ദിനം | I-VII | ഗണിത ക്ലബ്ബ് | |

പ്രവർത്തനം -31

പേര് : **ഗണിത ലാബ്ക് സജ്ജീകരിക്കൽ**

മേഖല : **ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത നേട്ടങ്ങളും ആർജ്ജിക്കുക ഗണിത പഠനശേഷി വികസിപ്പിക്കുക | വിദ്യാലയത്തിലെ ഒരുമുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ഇവിടെ വച്ച് ഗണിത ക്ലാസ് നടത്തൽ.<br>പരിഹാരബോധനം, തുടർപ്രവർത്തനം, അധിക പ്രവർത്തനം എന്നിവ വർക്ക്ഷീറ്റ്, യൂണിറ്റ് ടെസ്റ്റ്, പോർട്ട് പോളിയോ ഗണിത പതിപ്പുകൾ, ഗണിത മാഗസീനുകൾ എന്നിവയുടെ സഹായത്തോടെ നൽകുന്നു. | ആവശ്യാനുസരണം | I-VII | ഗണിത ക്ലബ്ബ് അധ്യാപകർ | ബി.ആർ.സി എസ്എസ്എ |

പ്രവർത്തനം -32

പേര് : **ഒറിഗാമി ശില്പശാല**

മേഖല : **ഗണിതശേഷി വികാസം, കര ചലന ശേഷി വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവുംകരചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവധ രൂപങ്ങള നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരുപ്രാവശ്യം | I-VII | ക്ലാസ് ടീച്ചർ | പി.ടി.എ |

പ്രവർത്തനം -33

പേര് : **ഗണിത പാർക്ക്**

മേഖല : **ഗണിതം മധുരമാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നല്കി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | വർഷത്തിൽ ഒരിക്കൽ | I-VII | ഗണിത ക്ലബ് | പി.ടി.എ<br>എസ്.എസ്.എ |

പ്രവർത്തനം -34

പേര് : **ഡിജിറ്റൽ ആൽബം**

മേഖല : **ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഫോട്ടോകളും വീഡിയോകളും ശേഖരിക്കുന്നു. പഠനസമയം അവ പാഠാവതരണത്തിന് പ്രയോജനപ്പെടുത്തുന്നു. (ജീവികൾ/സഞ്ചാര രീതി/ ആഹാര രീതി/ ഇലകൾ/സിരാവിന്യാസം/ശ്വസനം/ജല സംവഹനം തുടങ്ങിയ വിഷയങ്ങൾ. | 2 മാസം | I-VII | എസ്.ആർ.ജി<br>അധ്യാപകർ | പി.ടി.എ |

പ്രവർത്തനം -35

പേര് : ജിഗ്സോ പസിൽ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | കേരളത്തിലെ ജില്ലകൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ എന്നിവയുടെ ജിഗ്സോപസിൽ നൽകി ശരിയായി ക്രമീകരിക്കുന്നു.<br>കുട്ടികൾ പസിലുകൾ തയ്യാറാക്കുന്നു. | പ്രതിമാസം | IV-VII | അധ്യാപകർ ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം -36

പേര് : ശാസ്ത്ര മാജിക്

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഉപകരിക്കുന്ന, ലഘുപരീക്ഷണങ്ങളുടെ അവതരണം. | 6 മാസത്തിലൊരിക്കൽ | IV-VII | എസ്.ആർ.ജി | ക്ലാസ് പി.ടി.എ |

പ്രവർത്തനം -37

പേര് : മൺമറഞ്ഞ ആഹാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ | കേരളത്തിൽ നിലവിൽ ഉണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് മനസ്സിലാക്കൽ, തയ്യാറാക്കുക പാചകക്കുറിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | V-VII | | രക്ഷിതാക്കൾ |

പ്രവർത്തനം -38

പേര് : ഫാസ്റ്റ് ഫുഡ്- ഫാസ്റ്റ് ടു ഡെത്ത്

മേഖല : നല്ല ജീവിത ശൈലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | വർഷത്തിൽ ഒരുപ്രാവശ്യം | V-VII | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം -39
പേര് : മോക്ക് പാർലമെന്റ്
മേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ഇലക്ട്രോണിക്സ് വോട്ടെടുപ്പ്, പാർലമെന്റ് രൂപീകരണം, സമ്മേളനം നടത്തൽ. | വർഷത്തിൽ ഒരുപ്രാവശ്യം | V-VII | എസ്.ആർ.ജി | |

പ്രവർത്തനം -40
പേര് : പ്രോജക്ട്
മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക | അധ്യാപകരുടെ മേൽനോട്ടത്തിൽ മലിനീകരണം, ജലസംരക്ഷണം, ഇലക്കറികളുടെ പ്രാധാന്യം എന്നീ വിഷയങ്ങളിൽ പ്രോജക്ട് തയ്യാറാക്കുന്നു. സമൂഹത്തിന് ബോധവത്ക്കരണം നൽകുന്നു. പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. | 1 മാസം | IV-VII | അധ്യാപകർ പി.ടി.എ | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -41
പേര് : **പരീക്ഷണങ്ങൾ**
മേഖല : **ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാസ്ത്ര പഠനം പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകമായ പരീക്ഷണങ്ങൾ കുട്ടികൾ തന്നെ ചെയ്യുകയും അവ വരച്ച് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. | 3 മാസത്തിലൊരിക്കൽ | III-VII | അധ്യാപകർ | എസ്എസ്ജി |

പ്രവർത്തനം -42
പേര് : **ഭൂപട നിർമ്മാണം**
മേഖല : **ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ നേട്ടങ്ങളും ആർജ്ജിക്കുക | ശാസ്ത്ര പഠന പരിപോഷണത്തിനായി വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, തുറമുഖം, നദികൾ, പൊതുസ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി ജില്ലയുടെയും, പ്രാദേശികമായും ഭൂപടം നിർമ്മിക്കുന്നു. | 1 മാസം | IV-VII | അധ്യാപകർ | |

പ്രവർത്തനം -47

പേര് : പഠന യാത്ര

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ. | 1 ടേമിൽ 1 വീതം | I-VII | എസ്.ആർ.ജി | പി.ടി.എ |

പ്രവർത്തനം -48

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠ ഭാഷ

മേഖല : ഹിന്ദി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഹിന്ദിപഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ. | മാസത്തിൽ 1 വീതം | V-VII | ഹിന്ദി ക്ലബ്ബ് | എസ്എസ്എ |

പ്രവർത്തനം -49

പേര് : **കായിക പരിശീലനം**

മേഖല : **നല്ല ആരോഗ്യ ശീലങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ. | ആഴ്ചയിൽ 2 ദിവസം | III-VII | സ്പോർട്സ് ക്ലബ്ബ് | പഞ്ചായത്ത് |

പ്രവർത്തനം -50

പേര് : **മെഡിക്കൽ ക്യാമ്പ്**

മേഖല : **മികച്ച ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ. | വർഷത്തിൽ ഒന്നു വീതം | LKG-VII | എച്ച്. എം പി.ടി.എ | Dr.SM. C S I Medical college |

പ്രവർത്തനം -51

പേര് : **രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം**

മേഖല : **ഇ-സാക്ഷരത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ/ അവധി ദിവസങ്ങളിൽരക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം. | ആഴ്ചയിൽ 1 ദിവസം | | എച്ച്. എം കമ്പ്യൂട്ടർ ടീച്ചർ | |

പ്രവർത്തനം -52

പേര് : **സ്കൂൾ കലണ്ടർ**

മേഖല : **മികവുകളുടെ പങ്കുവയ്ക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ. | വിദ്യാലയത്തിലെ ഒരുവർഷത്തെ പ്രവർത്തനങ്ങളും സാധാരണ ദിവസകലണ്ടറും ചേർത്ത് അച്ചടിച്ച് പൊതു സമൂഹത്തിന് നൽകൽ. | വർഷത്തിൽ ഒരുപ്രാവശ്യം | | എച്ച്. എം പി.ടി.എ | സ്പോൺസർഷിപ്പ് |

പ്രവർത്തനം -53

പേര് : മത്സരപരീക്ഷകൾക്ക് പരിശീലനം

മേഖല : അറിവിന്റെ ജനകീയ വത്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അറിവിന്റെ ജനകീയ വത്ക്കരണം | മത്സരപരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്കും, വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും പരിശീലനത്തിന് നേതൃത്വം. | ആഴ്ചയിൽ ഒരു ദിവസം | | എച്ച്. എം പി.ടി.എ | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -54

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കൃഷിയെ ഒരു സം സ്ക്കാരമായി കാണൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരുപ്രാവശ്യം | I-VII | എസ്.ആർ.ജി, എസ്.എസ്.ജി | പി.ടി.എ കൃഷിവകുപ്പ് |
| | പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി കുട്ടികൾ സ്കൂളിൽ ജൈവ പച്ചക്കറികൾ നൽകൽ | ജന്മ ദിനങ്ങളിൽ | I-VII | ക്ലാസ്സ് അധ്യാപകർ | രക്ഷകർത്താക്കൾ |

പ്രവർത്തനം -55

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആനുകാലികങ്ങളെയും ശാസ്ത്ര അറിവുകളെയും അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻബോർഡ് സ്ഥാപിക്കുകയും പ്രധാന വിവരങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | പ്രധാന ദിനങ്ങളിൽ | IV-VII | സാമൂഹ്യ ശാസ്ത്ര ക്ലബ് | പി.ടി.എ |

പ്രവർത്തനം -56

പേര് : മേളകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരുപ്രാവശ്യം | III-VII | സയൻസ്ക്ലബ്ബ്, എസ്.ആർ.ജി | പി.ടി.എ |

പ്രവർത്തനം -57

പേര് : റേഡിയോ സ്റ്റേഷൻ

മേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അവതരണമികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റേഷനിൽ നിന്നും സ്പീക്കറിലൂടെ എല്ലാക്ലാസ്സുകളിലും ഒഴിവ് സമയത്ത് റേഡിയോ പ്രക്ഷേപണം. വിവിധ പരിപാടികളുടെ അവതരണം അറിയിപ്പുകൾ. | എല്ലാ ദിവസവും ഇടവേളകളിൽ | I-VII | എസ്.ആർ.ജി | |

പ്രവർത്തനം -58

പേര് : കാരണവക്കൂട്ടം

മേഖല : മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 70 വയസ്സിന് മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേയ്ക്ക് ക്ഷണിക്കുന്നു. ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്നു വീതം | | പി.ടി.എ | |

പ്രവർത്തനം -59

പേര് : ലൈബ്രറി

മേഖല : അക്കാദമികം/സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വായനാശീലം വളർത്തൽ | രക്ഷിതാക്കളിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും വിപുലീകരിക്കൽ | വായനാവാരം | I-VII | എസ്.ആർ.ജി<br>എസ്.എസ്.ജി | |

പ്രവർത്തനം -60

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ കാലഘട്ടങ്ങളിൽ പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ, അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | | എസ്.ആർ.ജി<br>എസ്.എസ്.ജി | |

പ്രവർത്തനം -61

പേര് : **ജന്മദിന പുസ്തകം**

മേഖല : **അക്കാദമികം/സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ക്ലാസ് ലൈബ്രറി നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിക്ക് സംഭാവന നൽകുന്നു. | ജന്മദിനങ്ങളിൽ | I-VII | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | |

പ്രവർത്തനം -62

പേര് : **പോഷകാഹാര പരിപാടി**

മേഖല : **അക്കാദമികം/സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ വിഭവങ്ങൾ ഉൾപ്പെടുത്തി പോഷക സമൃദ്ധമായ പ്രാതലും ഉച്ചഭക്ഷണവും നൽകൽ. | എല്ലാ പ്രവർത്തി ദിനവും | Pre-Primary – IV | എച്ച്.എം, ചുമതലയുള്ള അദ്ധ്യാപകൻ | വിദ്യാഭ്യാസവകുപ്പ് പ്രാദേശിക സഹായം |

**പ്രവർത്തനം -63**

പേര് : **അക്ഷരക്കിലുക്കം**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | കുട്ടികൾക്ക് കവിതകളെയും പരിചയപ്പെടാനുള്ള അവസരം ഒഴിവ് വേളകളിൽ കുട്ടികൾ സ്കൂൾ റേഡിയോ സ്റ്റേഷൻ പ്രയോജനപ്പെടുത്തി കവിതകൾ ആലപിക്കുന്നു. | ഒഴിവ് സമയം | III-VII | എസ്.ആർ.ജി, ലൈബ്രറിയൻ | |

**പ്രവർത്തനം -64**

പേര് : **ജൈവവൈവിധ്യപാർക്ക്**

മേഖല : **അക്കാദമികം/ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ ശലഭോദ്യാനം, ഔഷധത്തോട്ടം, അലങ്കാര സസ്യങ്ങൾ. | 1 പ്രാവശ്യം | I-VII | എസ്.ആർ.ജി | എസ്.എസ്.എ |

പ്രവർത്തനം -65

പേര് : പ്രതിഭ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ. | അവധി ദിനങ്ങൾ, അധികസമയം | I-VII | എസ്.ആർ.ജി, എസ്.എസ്.ജി | പി.ടി.എ |

പ്രവർത്തനം -66

പേര് : ആദരം

മേഖല : കല/കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രതിഭകളെ ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതല വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിക്കൽ. | മത്സരങ്ങൾക്ക് ശേഷം | I-VII | എസ്.ആർ.ജി, | പി.ടി.എ സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -67

പേര് : **പൊതിച്ചോറ്**

മേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ജീവകാരുണ്യം വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ. | സ്കൂളിന് സമീപത്തെ വൃദ്ധസദനങ്ങളിലും കേന്ദ്രത്തിലെ അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ പൊതിച്ചോറ് നൽകൽ. | എല്ലാ മാസവും | I-VII | പി.ടി.എ എസ്.ആർ.ജി | സ്പോൺസർ ഷിപ്പ് |

പ്രവർത്തനം -68

പേര് : **സ്കൂൾ സന്ദർശനം**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മികച്ച മാതൃകകൾ കണ്ടെത്തൽ | മികവുറ്റ മറ്റൊരു വിദ്യാലയം സന്ദർശിക്കുന്നു. അവിടത്തെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. അനുകരണീയമായ മാതൃകകൾ സ്വീകരിക്കുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം | V-VII | അധ്യാപകർ | പി.ടി.എ |

പ്രവർത്തനം -71

പേര് : **കോർണർ പി.ടി.എ**

മേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | സമൂഹവുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായും രക്ഷിതാക്കളുടെ മുഴുവൻ പങ്കാളിത്തം ഉറപ്പാക്കുന്നതിനും കോർണർ പി.ടി.എ സംഘടിപ്പിക്കുന്നു. | 6 എണ്ണം | I-VII | എസ്.ആർ.ജി | |

പ്രവർത്തനം -72

പേര് : **ചിത്രരചന**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടികളുടെ കലാപരമായ കഴിവുകളുടെ പരിപോഷണം | ചിത്രരചനയിൽ ആഭിമുഖ്യമുള്ള കുട്ടികൾക്കായി ചിത്രരചനാ മത്സരങ്ങളും പരിശീലനക്കളരിയും സംഘടിപ്പിക്കൽ. | മാസത്തിൽ 1 വീതം | I-VII | വിദ്യാരംഗം | പി.ടി.എ |

പ്രവർത്തനം -69

പേര് ചെപ്പ്

മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അറിവിന്റെ നിരന്തരമായ പുതുക്കൽ | ദിവസവും ഒരു ആനുകാലിക പ്രാധാന്യമുള്ളതോ വിജ്ഞാനപ്രദമായതോ ആയ ചോദ്യം നോട്ടീസ് ബോർഡിൽ എഴുതുന്നു. കുട്ടികൾ അതിനുത്തരം ചെപ്പിൽ നിക്ഷേപിക്കുന്നു. ശരിയുത്തരത്തിൽ നിന്നും നറുക്കിട്ട് ഒരാൾക്ക് സമ്മാനം നൽകുന്നു. | ദിവസവും | I-VII | അധ്യാപകർ | |

പ്രവർത്തനം -70

പേര് : ക്ലാസ് മുറികൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സുരക്ഷിതമായ പഠനാന്തരീക്ഷം ഒരുക്കൽ | ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങളുള്ള ക്ലാസ് മുറികൾ ഇല്ല. അത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | 1 വർഷം | | പി.ടി.എ | പ്രാദേശിക ഭരണകൂടം. വിവിധ ഫണ്ടുകൾ മാനേജ്മെന്റ് |

പ്രവർത്തനം - 71

പേര് : സംസ്കൃതം ക്ലബ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സംസ്കൃതം ഭാഷയുടെ പഠനത്തിനും വികാസത്തിനുമായി വിവിധ പരിപാടികൾ സംഘടിപ്പിക്കണം | ഭാഷയിൽ ആഭിമുഖ്യമുള്ള കുട്ടികളെ ഭാഷാകേളികളിലും പ്രവർത്തനങ്ങളിലും പങ്കെടുപ്പിച്ച് വിവിധ ഭാഷാനൈപുണി പരിപാടികൾ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | I-VII | അധ്യാപകർ | |
| സംസ്കൃതം സ്കോളർഷിപ്പ് മത്സരപരീക്ഷയായ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ സജ്ജരാക്കൽ | പാഠ്യപാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്ക് അധിക വിദ്യാഭ്യാസ നൽകി സജ്ജമാക്കണം | എല്ലാ ആഴ്ചയും | I-VII | അധ്യാപകർ | |

# സംഗ്രഹം

I


പൊതു വിദ്യാലയങ്ങൾ മുഴുവൻ ഉണർവ്വിന്റെ പാതയിൽ മുന്നേറികൊണ്ടിരുക്കുന്ന ഈ നാളുകളിൽ മികവിന്റെ പാതയിൽ ഇനിയും ഏറെ ദൂരം താണ്ടുന്നതിന് ഞങ്ങളുടെ വിദ്യാലയത്തിന് കരുത്തേകുന്ന ചില പ്രവർത്തനങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന ഈ കാലഘട്ടത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർണ്ണതയോടെ നടപ്പിലാക്കാൻ പൊതുസമൂഹത്തിന്റെയും അധികാരികളുടെയും പിന്തുണ ഉണ്ടാകും എന്ന പ്രതീക്ഷയൊടെ, വരും നാളുകളിൽ അക്കാദമികവും ഭൗതീകവും സാമൂഹികവുമായ മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സവിനയം സമർപ്പിക്കുന്നു... പേരിമ്പക്കോണം എൽ.എം.എസ്. യു.പി.എസ് -ഉം മികവിന്റെ പാതയിലാണ് എന്ന ഉറപ്പോടെ......

# പ്രതീക്ഷിത നേട്ടങ്ങൾ

1

- വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുന്നു.
- കരിക്കുലം നിർദ്ദേശിക്കുന്ന മുഴുവൻ ശേഷികളും കുട്ടികളിൽ നേടി എന്ന് ഉറപ്പുവരുത്തുന്നു.
- പഠന നിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നു.
- സമൂഹത്തിന്റെ പൂർണ്ണ പിന്തുണ ഉറപ്പാക്കുന്നു.
- കല, സാഹിത്യം, കായികം തുടങ്ങി കുട്ടികളുടെ സർവ്വോത്മുഖ വികാസം ഉറപ്പാക്കുന്നു.
- കൂടുതൽ മെച്ചപ്പെട്ട ഭൗതീക സാഹചര്യം ഒരുക്കുന്നു.
- കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.
- മത്സര പരീക്ഷകളിൽ കൂടുതൽ എണ്ണം വിജയികളെ പ്രതീക്ഷിക്കുന്നു.
- മേളകളിൽ നില മെച്ചപ്പെടുത്തുന്നു.
- ആധുനിക സാങ്കേതിക വിദ്യകൾ കൂടതൽ പ്രയോജനപ്പെടുത്തുന്നു.

# LMS UPS PERIMBAKONAM



# നന്ദി...

ഈ വിദ്യാലയത്തിന്റെ

ഒരോ ചുവടുവയ്പിലും

താങ്ങും തണലുമായി നിന്നവർക്ക്.....